കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. തങ്കച്ചൻ):

(എ—സി) പ്രസ്തുത ബോർഡ് രൂപീകരിക്കുന്നതിന് ''കേരള സ്റ്റേറ്റ് പാഡി ബോർഡ് ബില്ല് 1994'' എന്ന നിയമത്തിന്റെ കരട് നിയമസഭയ്ക്കു മുൻപാകെ സമർപ്പിച്ചിരിക്കുകയാണ്. നിയമ നടപടികൾ പൂർത്തിയായാലുടൻ ബോർഡ് രൂപീകരിക്കുന്നതാണ്.

(ഡി) നെൽകൃഷി വികസനത്തിനായി പ്രവർത്തിക്കുന്ന ഗ്രൂപ്പ് ഫാമിംഗ് സമിതികളുടെ അപ്പക്സ് ബോഡിയായി പാഡി ബോർഡ് പ്രവർത്തിക്കും. സംസ്ഥാനത്തെ നെൽകൃഷി വികസന പ്രവർത്തനങ്ങൾ പാഡി ബോർഡ് ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതായിരിക്കും. ഉൽപ്പാദനം, സംഭരണം, വിപണനം എന്നീ മേഖലകളിലും വേണ്ട നടപടികൾ പാഡി ബോർഡ് കൈക്കൊള്ളും.

(ഇ) നെൽകൃഷി ലാഭകരമാക്കുന്നതിനും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ട സാങ്കേതിക സാമ്പത്തിക സഹായങ്ങൾ പാഡി ബോർഡ് സമിതികൾക്ക് ലഭ്യമാക്കും.

ഗാട്ടുകരാറിന്റെ അടിസ്ഥാനത്തിൽ കൃഷിമേഖലയിൽ ഉണ്ടായിട്ടുള്ള മാറ്റം

* 8 [114] ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ്:

,, ഇ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാട്ടുകരാറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കൃഷി മേഖലയിൽ ഉണ്ടായിട്ടുള്ളതും ഉണ്ടാക്കേണ്ടതുമായ മാറ്റം എന്തൊക്കെയാണ് എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഉണ്ടോ;

(സി) സംസ്ഥാനത്ത് പരമ്പരാഗതമായി ഉപയോഗിച്ചുവരുന്ന വിത്ത്, വളം, നടീൽ രീതികൾ, എന്നിവയുടെ കുത്തക ഗാട്ടുകരാറിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ സംരംഭകരോ അന്തർദേശീയ സ്ഥാപനങ്ങളോ നേടിയെടുക്കുന്നത് തടയാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. തങ്കച്ചൻ):

(എ—സി) സംസ്ഥാനത്തെ കാർഷിക മേഖലയിൽ ഗാട്ടുകരാർ വരുത്തുന്ന മാറ്റങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി സർക്കാർ ഒരു ഏകാംഗ കമ്മീഷനെ നിയോഗിച്ചു. കമ്മീഷൻ സമർപ്പിച്ച പ്രാഥമിക റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനങ്ങൾ നടത്തി കാർഷിക മേഖലയിൽ പുതിയ അവസരങ്ങൾ കണ്ടെത്തുകയും ഈ മേഖലയിലെ പുതിയ വെല്ലുവിളികൾ നേരിടുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly